സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004


## എട്ടാം ക്ലാസ് വിദ്യാർത്ഥിയുടെ ബാഗിൽ വെടിയുണ്ടകൾ

ആലപ്പുഴ: എട്ടാം ക്ലാസ് വിദ്യാർത്ഥിയുടെ ബാഗിൽ നിന്ന് വെടിയുണ്ടകൾ കണ്ടെത്തി. ആലപ്പുഴ കാർത്തികപ്പള്ളിയിലാണ് സംഭവം. കൈത്തോക്കിൽ ഉപയോഗിക്കുന്ന രണ്ട് റൗണ്ട് വെടിയുണ്ടകളാണ് ലഭിച്ചത്. വിദ്യാർത്ഥികൾ ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നുണ്ടോയെന്ന് കണ്ടെത്താൻ സ്കൂൾ അധികൃതർ ബാഗ് പരിശോധിച്ചപ്പോഴാണ് വെടിയുണ്ടകൾ കണ്ടത്. പിന്നാലെ അധികൃതർ പൊലീസിൽ വിവരം അറിയിച്ചു. ട്യൂഷന് പോയപ്പോൾ അതിന് സമീപത്തെ പറമ്പിൽ വെടിയുണ്ടകൾ കിടക്കുകയായിരുന്നുവെന്നാണ് വിദ്യാർത്ഥി നൽകിയ മൊഴി. വെടിയുണ്ടകൾ പൊലീസിന് കൈമാറി. ഇത് വിദഗ്ധ പരിശോധനയ്ക്ക് അയക്കും. സംഭവത്തിൽ പൊലീസ് അന്വേഷണം ആരംഭിച്ചു.


സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com



www.swathanthramandapam.com | വാല്യം: 60 | ലക്കം: 214 | 2025 ഡിസംബർ 03 ബുധൻ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in


## ശബരിമല സ്വർണക്കൊള്ള; അന്വേഷണത്തിന് ഒരുമാസംകൂടി അനുവദിച്ചു,

# ഇഡിക്ക് അപേക്ഷ നൽകാമെന്ന് ഹൈക്കോടതി




കൊച്ചി: ശബരിമല സ്വർണക്കൊള്ളക്കേസിൽ അന്വേഷണത്തിന് ഒരുമാസംകൂടി സമയം അനുവദിച്ച് ഹൈക്കോടതി. ഡിവിഷൻ ബെഞ്ചാണ് കേസ് പരിഗണിച്ചത്. പ്രത്യേക അന്വേഷണ സംഘം അന്വേഷണ പുരോഗതി റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിരുന്നു. ഇന്ന് അന്വേഷണത്തിനുള്ള ആറാഴ്ചത്തെ സമയപരിധി അവസാനിക്കുന്ന ഘട്ടത്തിലാണ് കേസ് വീണ്ടും പരിഗണിച്ചത്. അന്വേഷണം അവസാനിച്ചിട്ടില്ലെന്നും കൂടുതൽ സമയം വേണമെന്നും അന്വേഷണ സംഘം കോടതിയെ അറിയിച്ചിരുന്നു. ഇത് പരിഗണിച്ചാണ് ഒരുമാസത്തേക്കുകൂടി സമയം അനുവദിച്ച് ഇടക്കാല ഉത്തരവിട്ടത്.

കേസ് സംബന്ധിച്ച രേഖകൾ കൈമാറുന്നതിനായി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് (ഇഡി) അപേക്ഷ നൽകാമെന്ന് കോടതി അറിയിച്ചു. മജിസ്ട്രേറ്റ് കോടതിയിലാണ് അപേക്ഷ നൽകേണ്ടത്. ഇഡി പ്രത്യേക ഹർജി നൽകിയതിനു പിന്നാലെയാണ് തീരുമാനം. കേസിന്റെ അനുബന്ധ രേഖകൾക്കായി ഇഡി മജിസ്ട്രേറ്റ് കോടതിയെ നേരത്തെ സമീപിച്ചെങ്കിലും അനുകൂല ഉത്തരവ് ഉണ്ടായിരുന്നില്ല. ഇതിനുപിന്നാലെയാണ് ഹൈക്കോടതിയെ സമീപിച്ചത്. അതേസമയം, ശബരിമല സ്വർണക്കൊള്ളക്കേസിൽ അറസ്റ്റിലായ മുൻ ദേവസ്വം ബോർഡ് പ്രസിഡന്റ് എൻ വാസുവിന്റെ ജാമ്യാപേക്ഷ കൊല്ലം വിജിലൻസ് കോടതി തള്ളി.

### ആ പെൺകുട്ടിക്ക് നീതി നിഷേധിക്കരുത്'; രാഹുൽ കേസിൽ സുരേഷ് ഗോപി

തിരു : രാഹുൽ മാങ്കൂട്ടത്തിലിനെതിരായ ലൈംഗിക പീഡനാരോപണങ്ങളിൽ പ്രതികരിച്ച് ബി.ജെ.പി നേതാവും കേന്ദ്രമന്ത്രിയുമായ സുരേഷ് ഗോപി. ഗൗരവമുള്ള വിഷയമാണെന്ന കാര്യത്തിൽ യാതൊരു തർക്കമില്ലെന്ന് സുരേഷ് ഗോപി പറഞ്ഞു.

ആ പെൺകുട്ടി എന്റെ വീട്ടിലെയും പെൺകുട്ടിയാണെന്ന് സുരേഷ് ഗോപി ചൂണ്ടിക്കാട്ടി. തെരഞ്ഞെടുപ്പ് ആയത് കൊണ്ട് പെൺകുട്ടിക്ക് നീതി നിഷേധിക്കാൻ പാടില്ല. എന്നാൽ, രാഹുൽ വിഷയം തെരഞ്ഞെടുപ്പിനെ ബാധിക്കുമോ എന്നറിയില്ല. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ഇത്തരം വിഷയങ്ങൾ ബാധിക്കാൻ പാടില്ലെന്നും സുരേഷ് ഗോപി പറഞ്ഞു.

## ഡോളറിനെതിരെ ആദ്യമായി 90 കടന്നു; രൂപയുടെ മൂല്യത്തിൽ റെക്കോഡ് ഇടിവ്

ന്യൂഡൽഹി: ഇന്ത്യൻ രൂപയുടെ മൂല്യത്തിൽ റെക്കോഡ് ഇടിവ്. അമേരിക്കൻ ഡോളറിനെതിരെ ചരിത്രത്തിലാദ്യമായി മൂല്യം 90 കടന്നു. ഇന്ന് വ്യാപാരം ആരംഭിച്ചതിനു പിന്നാലെ രൂപയുടെ മൂല്യം ഡോളറിനെതിരെ 90.13 എന്ന എക്കാലത്തെയും താഴ്ന്ന നിലവാരത്തിലെത്തി. കഴിഞ്ഞ ദിവസം രേഖപ്പെടുത്തിയ 89.9475 എന്ന റെക്കോഡാണ് പിന്നിലായത്.

ഡോളറിന്റെ ഡിമാൻഡ് കൂടിയതും വിപണിയിൽനിന്ന് വിദേശ നിക്ഷേപകർ പിൻവാങ്ങുന്നതും ഇന്ത്യ-യുഎസ് വ്യാപാര ഇടപാടുകളിലെ അനിശ്ചിതത്വവുമാണ് കറൻസിയുടെ മൂല്യം തകർന്നതിൽ പ്രധാന കാരണങ്ങളായത്. ഊഹക്കച്ചവടക്കാർ തുടർച്ചയായി ഡോളർ വാങ്ങിക്കൂട്ടുന്നതും രൂപക്ക് സമ്മർദമായി. ഡോളറിനെതിരെ 89.96 രൂപ നിലവാരത്തിലായിരുന്നു ചൊവ്വാഴ്ചത്തെ ക്ലോസിങ്. തിങ്കളാഴ്ച 89.53 രൂപയായിരുന്നു മൂല്യം.

യു.എസുമായുള്ള വ്യാപാര കരാറിൽ ഇതുവരെ തീരുമാനമൊന്നും ഉണ്ടാകാത്തത് രൂപയെ സമ്മർദ്ദത്തിലാക്കിയിട്ടുണ്ട്. വിദേശ നിക്ഷേപകരുടെ പിൻവലിയലും രൂപയുടെ മൂല്യത്തകർച്ചക്ക് കാരണമായിട്ടുണ്ട്. വെള്ളിയാഴ്ച, ആർ.ബി.ഐ നയപ്രഖ്യാപനം വരുന്നതോടെ രൂപയുടെ തകർച്ച തടയാൻ കേന്ദ്ര ബാങ്ക് ഇടപെടുമോ എന്ന കാര്യത്തിൽ വ്യക്തത വരും. ഇന്ത്യ-യു.എസ് വ്യാപാര കരാർ യാഥാർഥ്യമാകുമ്പോൾ മൂല്യത്തകർച്ച അവസാനിക്കുമെന്നാണ് വിപണിയുടെ പ്രതീക്ഷ.

രൂപയുടെ മൂല്യം 85 ൽ നിന്ന് 90 ലേക്ക് എത്താൻ കേവലം ഒരു വർഷത്തിൽ താഴെ സമയമാണ് എടുത്തത്. ഇന്ത്യയുടെ വിദേശ അക്കൗണ്ടുകളിൽ വർദ്ധിച്ചുവരുന്ന സമ്മർദ്ദത്തെയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. ഈ വർഷം വിദേശ നിക്ഷേപകർ ഏകദേശം 17 ബില്യൺ ഡോളറിന്റെ ഇന്ത്യൻ ഓഹരികൾ വിറ്റഴിച്ചുവെന്നാണ് കണക്കുകൾ. നേരിട്ടുള്ള വിദേശ നിക്ഷേപം ദുർബലമായിട്ടുമുണ്ട്.

അതേസമയം രൂപയുടെ മൂല്യത്തകർച്ച സമ്പദ്വ്യവസ്ഥക്ക് ഗുണകരമാണെന്ന് നീതി ആയോഗ് മുൻ വൈസ് ചെയർമാൻ രാജീവ് കുമാർ പറയുന്നു.

## രാഹുൽ ഈശ്വറിന്റെ ജാമ്യാപേക്ഷ വീണ്ടും തള്ളി; പൊലീസ് കസ്റ്റഡിയിൽ വിട്ടു



തിരു : രാഹുൽ മാങ്കൂട്ടത്തിലിനെതിരായ ലൈംഗിക പീഡന പരാതി നൽകിയ അതിജീവിതയെ അധിക്ഷേപിച്ച കേസിൽ രാഹുൽ ഈശ്വറിന് ജാമ്യമില്ല. തിരുവനന്തപുരം ജില്ലാ സെഷൻസ് കോടതിയുടേതാണ് നടപടി. രാഹുൽ ഈശ്വറിനെ രണ്ടു ദിവസത്തേക്ക്, നാളെ വൈകുന്നേരം അഞ്ച് വരെ പൊലീസ് കസ്റ്റഡിയിൽ വിട്ടു. നേരത്തെ തിരുവനന്തപുരം ജില്ലാ കോടതിയും രാഹുൽ ഈശ്വറിന്റെ ജാമ്യാപേക്ഷ തള്ളിയിരുന്നു.

ഇതിനെതിരെയാണ് രാഹുൽ ഈശ്വർ സെഷൻസ് കോടതിയെ സമീപിച്ചത്. കോടതി കൃത്യമായ തെളിവുകൾ പരിശോധിച്ചില്ലെന്നും വീഡിയോ കാണാതെയാണ് ജാമ്യം നിഷേധിച്ചതെന്നുമായിരുന്നു രാഹുൽ ഈശ്വറിന്റെ വാദം. എന്നാൽ രാഹുൽ ഈശ്വറിന്റെ ഈ വാദം തള്ളിക്കൊണ്ട് ജില്ലാ സെഷൻസ് കോടതിയും ജാമ്യാപേക്ഷ തള്ളുകയായിരുന്നു.

ഗൂഢാലോചനയുണ്ടോ എന്ന് അന്വേഷിക്കണമെന്നും രാഹുലിന്റെ ഓഫിസിൽ പരിശോധന നടത്തണമെന്നും പൊലീസ് ആവശ്യപ്പെട്ടിരുന്നു. ഇത് അംഗീകരിച്ചാണ് കോടതി കസ്റ്റഡി അനുവദിച്ചത്. അറസ്റ്റിലായ രാഹുലിനെ കഴിഞ്ഞ ദിവസം കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തിരുന്നു. ജയിലിൽ നിരാഹാര സമരത്തിലാണ് രാഹുൽ.

നേരത്തെ, 14 ദിവസത്തേക്കാണ് ജില്ലാ കോടതി രാഹുലിനെ റിമാൻഡ് ചെയ്തത്. ഈ മാസം ഒന്നിന് വൈകീട്ടാണ് രാഹുൽ മാങ്കൂട്ടത്തിലിനെതിരെ പരാതി നൽകിയ അതിജീവിതയെ അധിക്ഷേപിച്ച് വീഡിയോ ചെയ്ത കേസിൽ രാഹുലിനെ കസ്റ്റഡിയിലെടുത്തത്. രാത്രിയോടെ രാഹുൽ ഈശ്വറിന്റെ അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു.

അതിജീവിതയെ തിരിച്ചറിയാൻ സാധിക്കും വിധമുള്ള വിവരങ്ങൾ പങ്കുവച്ചതായി ആരോപിച്ച് രാഹുൽ ഈശ്വർ, കോൺഗ്രസ് നേതാവ് സന്ദീപ് വാരിയർ എന്നിവരടക്കം 6 പേർക്കെതിരെയാണ് കേസെടുത്തത്. യുവതിയുടെ വ്യക്തിത്വം വെളിപ്പെടുത്തൽ, സ്ത്രീത്വത്തെ അപമാനിക്കൽ, ഭീഷണിപ്പെടുത്തൽ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ ദുരുപയോഗം എന്നീ വകുപ്പുകളാണു ചുമത്തിയിരിക്കുന്നത്.

### ജാമ്യാപേക്ഷയിൽ കോടതി വിധി വരട്ടെ: രമേശ് ചെന്നിത്തല

തിരു : ബലാത്സംഗക്കേസിൽ പ്രതിയായ രാഹുൽ മാങ്കൂട്ടത്തിലിനെതിരായ കോൺഗ്രസ് പാർട്ടിയുടെ നടപടികൾ സമാനതകളില്ലാത്തതാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. തെറ്റ് ചെയ്തവരെ സംരക്ഷിക്കില്ല. മുൻകൂർ ജാമ്യാപേക്ഷയിൽ കോടതി വിധി വന്നതിന് ശേഷം കൂടുതൽ കടുത്ത നടപടിയിലേക്ക് പാർട്ടി കടക്കുമെന്നും രമേശ് ചെന്നിത്തല പറഞ്ഞു.

സി.പി.എമ്മിനകത്തും ഇത്തരം ആരോപണങ്ങൾ നേരിട്ടവരുണ്ട്. അവർക്കെതിരെ നടപടിയെടുക്കാൻ സി.പി.എം ഇതുവരെ തയാറായിട്ടില്ല. നടപടിയെടുക്കുന്നതിന് പകരം പ്രമോഷൻ നൽകുകയാണ് ചെയ്യാറുള്ളത്

### വയനാട് വെള്ളമുണ്ടയിൽ പൊലീസ് ഉദ്യോഗസ്ഥനെ ആത്മഹത്യ ചെയ്തനിലയിൽ



വെള്ളമുണ്ട (വയനാട്): വെള്ളമുണ്ടയിൽ പൊലീസ് ഉദ്യോഗസ്ഥനെ ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തി. എടവക കാരക്കുനി സ്വദേശിയും പനമരം പൊലീസ് സ്റ്റേഷനിലെ സിവിൽ പൊലീസ് ഓഫിസറുമായ എം. ഇബ്രായികുട്ടി (35) ആണ് മരിച്ചത്.

വെള്ളമുണ്ടയിലെ പൊലീസ് ഫാമിലി ക്വാട്ടേഴ്സിലാണ് ഇബ്രായികുട്ടിയെ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്. ചൊവ്വാഴ്ച ക്വട്ടേഴ്സിൽ ഇയാൾ തനിച്ചായിരുന്നു.

രാവിലെ ഫോൺ വിളിച്ചിട്ട് എടുക്കാത്തതിനെ തുടർന്ന് ഭാര്യ ക്വട്ടേഴ്സിലെത്തി പരിശോധിച്ചപ്പോഴാണ് ആത്മഹത്യ ചെയ്തതായി അറിയുന്നത്. പൊലീസ് നടപടിക്രമങ്ങൾ പൂർത്തിയാക്കി മൃതദേഹം മാനന്തവാടി മെഡിക്കൽ കോളജ് മോർച്ചറിയിലേക്ക് മാറ്റി.

## കൈവിട്ട് നേതാക്കൾ; രാഹുൽ കോൺഗ്രസിൽനിന്ന് പുറത്തേക്ക്; തീരുമാനം ഉടൻ?



തിരു : ബലാത്സംഗവും നിർബന്ധിത ഗർഭഛിദ്രവും അടക്കമുള്ള പരാതികളുടെ പശ്ചാത്തലത്തിൽ രാഹുൽ മാങ്കൂട്ടത്തിലിന്റെ രാജി അനിവാര്യമാകുന്നു. കോൺഗ്രസിനുള്ളിൽ നിന്നുതന്നെ ശക്തമായ സമ്മർദം ഉയരുന്ന സാഹചര്യത്തിൽ എംഎൽഎ സ്ഥാനം രാജി വെക്കുകയല്ലാതെ രാഹുലിനും പാർട്ടി നേതൃത്വത്തിനും മുന്നിൽ മറ്റുവഴികളില്ലെന്ന നിലയിലാണ് കാര്യങ്ങൾ എന്നാണ് പുറത്തുവരുന്ന വിവരം. മുൻകൂർ ജാമ്യഹർജി ഇന്ന് കോടതി പരിഗണിക്കാനിരിക്കേയാണ് മറ്റൊരു യുവതിയുടെ പരാതികൂടി പുറത്തുവരികയും രാഹുലിനു മേലുള്ള സമ്മർദം അതിരൂക്ഷമാകുകയും ചെയ്തിതിരിക്കുന്നത്.

രാഹുലിനെതിരായ നടപടി സംബന്ധിച്ച് സംസ്ഥാന നേതാക്കളും ദേശീയ നേതാക്കളും ആശയവിനിമയം നടത്തിയതായാണ് റിപ്പോർട്ട്. കെപിസിസിയുടെ ശുപാർശയിൽ എഐസിസി ഇക്കാര്യത്തിൽ തീരുമാനമെടുക്കും. രാഹുൽ വിഷയത്തിൽ കെപിസിസി തലത്തിൽ ഇന്ന് കൂടിയാലോചന നടക്കും. ഇതിനു ശേഷമായിരിക്കും തീരുമാനം എഐസിസി നേതൃത്വത്തെ അറിയിക്കുക.

യുവതിയെ പീഡിപ്പിച്ച് ഗർഭിണിയാക്കുകയും നിർബന്ധിച്ച് ഗർഭച്ഛിദ്രം നടത്തുകയും ചെയ്തെന്ന കേസിൽ രാഹുലിന്റെ മുൻകൂർ ജാമ്യാപേക്ഷ ഇന്ന് കോടതി പരിഗണിക്കാനിരിക്കേ വീണ്ടും പീഡന പരാതി ഉയർന്നതോടെയാണ് കോൺഗ്രസിനു മുന്നിൽ മറ്റ് വഴികളില്ലാതെയത്. ബെംഗളൂരു സ്വദേശിനിയായ യുവതിയാണ് കഴിഞ്ഞ ദിവസം ഇ-മെയിലിൽ കോൺഗ്രസ് ദേശീയ നേതൃത്വത്തിനും കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫിനും പരാതി അയച്ചത്. താൻ നേരിട്ടത് ക്രൂര ലൈംഗിക പീഡനമാണെന്ന് പരാതിയിൽ പറയുന്നു. ഇതോടെ രാഹുലിനെതിരേ കടുത്ത വിമർശനവുമായി സംസ്ഥാനത്തെ മുതിർന്ന കോൺഗ്രസ് നേതാക്കളടക്കം രംഗത്തെത്തി.

രാഹുലിന്റെ കാര്യത്തിൽ ഇനി പ്രതീക്ഷയില്ലെന്നും പുകഞ്ഞ കൊള്ളി പുറത്താണെന്നും മുരളീധരൻ മാധ്യമങ്ങളോട് പറഞ്ഞു. സസ്പെൻഷൻ എന്നത് തെറ്റുതിരുത്തി തിരിച്ചുവരാനുള്ള ഒരു മാർഗമായിട്ടാണ് കോൺഗ്രസ് പാർട്ടി അനുവർത്തിച്ചുവരുന്നതെങ്കിലും ഇക്കാര്യത്തിൽ ഇനി അതിന് സ്കോപ്പില്ലാത്ത സാഹചര്യത്തിൽ ശക്തമായിട്ടുള്ള നടപടി പാർട്ടിയുടെ ഭാഗത്തുനിന്നുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി. രാഹുലിനെതിരേ കെപിസിസി കടുത്ത നടപടികൾക്ക് ഒരുങ്ങുകയാണെന്ന് മാധ്യമങ്ങളെ അറിയിച്ചതും അദ്ദേഹമാണ്.

പിന്നാലെ രാഹുൽ ഇനി പാർട്ടിയിൽ ഉണ്ടാകാൻ പാടില്ലെന്ന് തിരുവഞ്ചൂർ രാധാകൃഷ്ണനടക്കമുള്ള നേതാക്കൾ നിലപാടെടുത്തു. ഷാനിമോൾ ഉസ്മാൻ, ബിന്ദു കൃഷ്ണ എന്നിവരടക്കമുള്ളവരും രാഹുലിനെതിരേ കടുത്ത വിമർശനമാണ് ഉന്നയിച്ചത്. ഒരുസമയത്തും രാഹുലിനെ സംരക്ഷിക്കുന്ന നിലപാട് എടുത്തിട്ടില്ലെന്നും അങ്ങനെ ചെയ്യില്ലെന്നും ജെബി മേത്തറും വ്യക്തമാക്കി. ഉചിതമായ തീരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണെന്നും അവർ പറഞ്ഞു. രാഹുലിനെ ഏറെക്കുറെ കൈവിട്ടെന്ന സൂചന നൽകി ഷാഫി പറമ്പിലും പ്രതികരണം നടത്തി. ഇതോടെയാണ് രാഹുലിന്റെ രാജി ആസന്നമായെന്ന വിലയിരുത്തലുണ്ടായത്.

പാർട്ടി നടപടി സ്വീകരിക്കുകയാണെങ്കിൽ അത് എന്തായിരിക്കും എന്നതാണ് എല്ലാവരും ഉറ്റുനോക്കുന്നത്. രാഹുലുമായുള്ള ബന്ധം അവസാനിപ്പിച്ചുകഴിഞ്ഞെന്ന് കോൺഗ്രസ് നേതാക്കളിൽ ഒരുവിഭാഗം ഏതാണ്ട് ഉറപ്പിച്ചുപറയുന്ന സാഹചര്യത്തിൽ എംഎൽഎ സ്ഥാനത്ത് തുടരുന്നത് രാഹുലിന് എളുപ്പമാകില്ല. ബലാത്സംഗവും നിർബന്ധിത ഗർഭഛിദ്രവും അടക്കമുള്ള പരാതികളിൽ അറസ്റ്റിനുള്ള സാധ്യത മുന്നിൽനിൽക്കേ ധാർമികത മുൻനിർത്തി എംഎൽഎ സ്ഥാനം രാജിവെക്കുക എന്നതാണ് രാഹുലിന് മുന്നിലുള്ള വഴി എന്നാണ് വിലയിരുത്തപ്പെടുന്നത്.

## ശബരിമല സ്വർണക്കൊള്ള: എൻ. വാസു ജയിലിൽ തുടരും; ജാമ്യാപേക്ഷ തള്ളി വിജിലൻസ് കോടതി



കൊല്ലം: ശബരിമല സ്വർണക്കൊള്ളക്കേസിൽ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എൻ. വാസുവിന് ജാമ്യമില്ല. എൻ. വാസു സമർപ്പിച്ച ജാമ്യാപേക്ഷ കൊല്ലം വിജിലൻസ് കോടതി തള്ളി. കേസിൽ ഇനി ജാമ്യത്തിനായി വാസുവിന് മേൽക്കോടതിയെ സമീപിക്കേണ്ടിവരും.

സ്വർണക്കൊള്ളക്കേസിൽ താൻ കുറ്റക്കാരനല്ലെന്നായിരുന്നു ജാമ്യാപേക്ഷയിൽ വാസുവിന്റെ വാദം. എന്നാൽ, പ്രതി സ്വാധീനമുള്ളയാളാണെന്നും ജാമ്യം നൽകിയാൽ സാക്ഷികളെ സ്വാധീനിക്കാനും തെളിവുനശിപ്പിക്കാനും സാധ്യതയുണ്ടെന്നും പ്രോസിക്യൂഷൻ വാദിച്ചു. തുടർന്ന് പ്രോസിക്യൂഷന്റെ വാദം പരിഗണിച്ചാണ് കോടതി ജാമ്യാപേക്ഷ തള്ളിയത്.

അതിനിടെ, ശബരിമല സ്വർണക്കൊള്ളയിൽ അറസ്റ്റിലായ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എ. പത്മകുമാറിന്റെ ജുഡീഷ്യൽ കസ്റ്റഡി കാലാവധി ഇന്ന് അവസാനിക്കും. പത്മകുമാറിനെ ഇന്ന് കോടതിയിൽ ഹാജരാക്കും. മറ്റൊരു പ്രതിയായ മുൻ എക്സിക്യൂട്ടീവ് ഓഫീസർ സുധീഷ് കുമാറിന്റെ ജാമ്യാപേക്ഷയിൽ കോടതി തിങ്കളാഴ്ച വാദം കേൾക്കും.

ഉണ്ണികൃഷ്ണൻ പോറ്റി, ദേവസ്വം ബോർഡ് മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബു, മുൻ എക്സിക്യുട്ടീവ് ഓഫീസർ ഡി. സുധീഷ്കുമാർ, മുൻ ദേവസ്വം കമ്മീഷണറും പ്രസിഡന്റുമായിരുന്ന എൻ. വാസു, ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എ. പത്മകുമാർ തുടങ്ങിയവരാണ് ശബരിമല സ്വർണക്കൊള്ള കേസിൽ ഇതുവരെ അറസ്റ്റിലായവർ.

## പരസ്യമായി വധശിക്ഷ നടപ്പാക്കി

### താലിബാൻ; വെടിയുതിർത്തത് 13കാരൻ, കണ്ടുനിന്നത് 80ആയിരത്തോളം പേർ

കാബൂൾ: അഫ്ഗാനിസ്ഥാനിലെ ഖോസ്റ്റ് പ്രവിശ്യയിൽ പൊതുമധ്യത്തിൽ വധശിക്ഷ നടപ്പാക്കി താലിബാൻ. ഒരു കുടുംബത്തിലെ 13 പേരെ കൊലപ്പെടുത്തിയ കേസിലെ പ്രതിയായ മംഗൾ എന്നയാൾക്കാണ് പൊതുവിടത്തിൽ വധശിക്ഷ നടപ്പാക്കിയത്. എൺപതിനായിരത്തോളം പേർക്ക് മുന്നിൽവെച്ചായിരുന്നു ഇത്.

മംഗൾ കൊലപ്പെടുത്തിയ കുടുംബത്തിലെ അംഗമായ പതിമൂന്നുകാരനാണ് ശിക്ഷ നടപ്പിലാക്കിയത്. സംഭവത്തിന്റെ വീഡിയോ ദൃശ്യങ്ങൾ പ്രചരിച്ചതോടെ വിഷയം ആഗോളതലത്തിൽ ചർച്ചയായി.

ക്യാമറ സംവിധാനമുള്ള ഫോണുകൾ നിരോധിച്ചിരിക്കുന്ന താലിബാൻ ഉത്തരവുകൾ അവഗണിച്ചാണ് ജനക്കൂട്ടം വധശിക്ഷയുടെ ദൃശ്യങ്ങൾ പകർത്തിയത്. ഇത് വ്യാപകമായി പ്രചരിക്കുന്നുണ്ട്.

ഏകദേശം പത്ത് മാസം മുമ്പ് പ്രദേശവാസിയായ അബ്ദുൾ റഹ്മാനെയും അദ്ദേഹത്തിന്റെ 12 കുടുംബാംഗങ്ങളെയും കൊലപ്പെടുത്തിയ കേസിലാണ് മംഗൾ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടത്. ഇയാൾ കൊലപ്പെടുത്തിയ കുടുംബത്തിലെ 13 വയസ്സുള്ള കുട്ടിയാണ് മംഗളിനെതിരേ വെടിയുതിർത്തത്. താലിബാൻ നിയമ പ്രകാരം ഇരകളുടെ ബന്ധുക്കൾക്ക് കുറ്റവാളിയോട് ക്ഷമിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഈ വഴി ആൺകുട്ടി നിരസിക്കുകയായിരുന്നു. തുടർന്ന് താലിബാൻ വിധി പ്രകാരം പ്രതിയെ വധിക്കാനുള്ള തീരുമാനത്തിലെത്തുകയായിരുന്നു.

അതിനിടെ വധശിക്ഷ 'ദൈവിക ഉത്തരവ്' നടപ്പിലാക്കുന്നതിന് സമാനമാണെന്ന് അഫ്ഗാനിസ്ഥാൻ സുപ്രീം കോടതി പറഞ്ഞു. ദേശീയ സുരക്ഷയ്ക്കും ഇസ്ലാമിക നിയമം നടപ്പിലാക്കുന്നതിനും വേണ്ടി പ്രാർഥനകൾ നടത്തിയെന്നും കോടതി കൂട്ടിച്ചേർത്തു. നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയായതായി ശിക്ഷ പൂർത്തിയാക്കിയെന്ന് അധികൃതർ അറിയിച്ചു. 2021- ൽ അധികാരം പിടിച്ചെടുത്തതിനുശേഷം താലിബാൻ നടപ്പിലാക്കിയ പതിനൊന്നാമത്തെ ജുഡീഷ്യൽ വധശിക്ഷയാണിത്.

അതേസമയം, സംഭവത്തിൽ ലോകത്തിന്റെ പലഭാഗത്തുനിന്നും പ്രതിഷേധം ഉയരുന്നുണ്ട്. യുഎൻ സ്പെഷ്യൽ റിപ്പോർട്ടർ റിച്ചാർഡ് ബെന്നറ്റ് വധശിക്ഷയെ മനുഷ്യത്വരഹിതവും ക്രൂരവും അന്താരാഷ്ട്ര നിയമത്തിന് വിരുദ്ധവുമായ നടപടിയെന്ന് അപലപിച്ചു. താലിബാന്റെ നീതിന്യായ വ്യവസ്ഥയിൽ സുതാര്യതയോ നടപടിക്രമങ്ങളോ നിയമപരമായ സംരക്ഷണങ്ങളോ ഇല്ലെന്ന് മനുഷ്യാവകാശ സംഘടനകൾ വിമർശിച്ചു.

### കേരളത്തിന്റെ അവയവങ്ങൾ എല്ലാം സർക്കാർ വിറ്റ് കടം വാങ്ങുന്നു: ശോഭ സുരേന്ദ്രൻ

തൃശൂർ: കേരളത്തിന്റെ അവയവങ്ങൾ എല്ലാം സർക്കാർ വിറ്റ് കടം വാങ്ങുന്നുവെന്ന് ബി ജെ പി നേതാവ് ശോഭാ സുരേന്ദ്രൻ ആരോപിച്ചു. പൊതു സമൂഹത്തിന് മുൻപിൽ ധവളപത്രം പുറത്തിറക്കണം. ജനങ്ങളുടെ കിഡ്നി മാത്രമാണ് ഇനി വിൽക്കാൻ ഉള്ളത്. കേരള സർക്കാർ 9.72% ആണ് പലിശ. എന്നാൽ അതേ സമയത്ത് തന്നെ മറ്റ് പലർക്കും കുറഞ്ഞ പലിശക്ക് വായ്പ കിട്ടി. പ്രതിപക്ഷം ഇതൊരു ഇലക്ഷൻ സ്റ്റണ്ട് ആണെന്ന് പറഞ്ഞ് ഇടതുപക്ഷത്തെ പിന്തുണക്കുന്നു.

## ഡൽഹി കോർപറേഷൻ ഉപതെരഞ്ഞെടുപ്പ്; 12ൽ ഏഴ് സീറ്റുമായി ബി.ജെ.പി; ഒരു സീറ്റ് പിടിച്ചെടുത്ത് കോൺഗ്രസ്



ന്യൂഡൽഹി: ഡൽഹി മുൻസിപ്പൽ കോർപറേഷൻ ഉപതെരഞ്ഞെടുപ്പിൽ മുഴുവൻ സീറ്റുകളും നിലനിർത്താനാവാതെ ബി.ജെ.പി. ഉപതെരഞ്ഞെടുപ്പ് നടന്ന 12 സീറ്റുകളിൽ ഏഴിലും വിജയിച്ചുവെങ്കിലും, കഴിഞ്ഞ തവണ നേടിയ രണ്ട് സീറ്റുകൾ നഷ്ടമായി. മൂന്നിടങ്ങളിൽ ആം ആദ്മി പാർട്ടി (എ.എ.പി) വിജയിച്ചപ്പോൾ കോൺഗ്രസും ഫോർവേഡ് ?ബ്ലോക്കും ഓരോ സീറ്റുകളും നേടി. ബി.ജെ.പിയുടെ സിറ്റിങ് സീറ്റിൽ വൻ ഭൂപരിപക്ഷത്തിൽ ?സ്വന്തമാക്കിയത് കോൺഗ്രസിന് നേട്ടമായി.

കോർപറേഷനിലെ വിവിധ വാർഡുകളിലേക്കായി നവംബർ 30നാണ് ഉപതെരഞ്ഞെടുപ്പ് നടന്നത്. ഫെബ്രുവരിയിൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയിച്ച് മുഖ്യമന്ത്രിയായ രേഖ ഗുപ്തയുടെ വാർഡായ ഷാലിമാർ ബാഗ് ബിയിൽ ബി.ജെ.പിയുടെ അനിത ജെയിൻ 10,000ത്തിൽ ഏറെ വോട്ടിന് വിജയിച്ചു. കോഗ്രസിന്റെ സരിത കുമാരിയെയാണ് തോൽപിച്ചത്. മുഖ്യമന്ത്രി രേഖ ഗുപ്തയുടെ വീട് കൂടി ഉൾകൊള്ളുന്ന വാർഡാണിത്.

നിയമസഭാ തെരഞ്ഞെടുപ്പിൽ ദയനീയമായി കീഴടങ്ങിയ എ.എ.പിക്കും കോൺഗ്രസിനും തങ്ങളുടെ തിരിച്ചുവരവ് തെളിയിക്കാനുള്ള അവസരം കൂടിയായിരുന്നു ഉപതെരഞ്ഞെടുപ്പ്.

250 സീറ്റുകളുള്ള ഡൽഹി കോർപറേഷനിൽ 116 സീറ്റുകളാണ് ബി.ജെ.പിക്കുള്ളത്. എ.എ.പിക്ക് 99ഉം, ഇന്ദ്രപ്രസ്ഥ വികാസ് പാർട്ടിക്ക് 15ഉം കോൺഗ്രസിന് എട്ടും സീറ്റുകളാണുള്ളത്.

സംഗം വിഹാർ എ വാർഡിൽ നിന്നും കോൺഗ്രസിന്റെ സുരേഷ് ചൗധരി 3500ൽ ഏറെ വോട്ട് ഭൂരിപക്ഷത്തിന് വിജയിച്ചു. 2022 തെരഞ്ഞെടുപ്പിൽ ബി.ജെ.പിയുടെ ചന്ദൻ കുമാർ ചൗധരി 389 വോട്ടിന് വിജയിച്ച വാർഡിലാണ് കോൺഗ്രസ് മികച്ച വിജയം നേടിയത്.

## 'ആറ്റുകാൽ പൊങ്കാലയുടെ അടുപ്പുകൊണ്ട് സ്റ്റേഡിയം ഉണ്ടാക്കാൻ കഴിയില്ല': സുരേഷ്ഗോപി



തിരു : ജനങ്ങൾക്ക് മനംമാറ്റം വന്നിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി സുരേഷ് ഗോപി. സ്വർണവും അവിഹിതവുമൊന്നും ജനങ്ങളെ ബാധിക്കില്ലെന്നും അദ്ദേഹം പറഞ്ഞു, തിരഞ്ഞെടുപ്പിന് തയ്യാറാകേണ്ടത് നമ്മളാണെന്നും സുരേഷ് ഗോപി കൂട്ടിച്ചേർത്തു. തിരുവനന്തപുരം ശാസ്തമംഗലത്തെ ബിജെപി തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

'മനംമാറ്റത്തിലൂടെ വന്നിട്ടുള്ള നിശ്ചയം പൂർണമായി ഉപയോഗിക്കണം. മാദ്ധ്യമങ്ങളുടെ അവിഹിത സഹായത്തോടെയാണ് വിവാദങ്ങൾ പൊന്തിച്ചെടുക്കാൻ ശ്രമിക്കുന്നത്. സ്വർണവും അവിഹിതവും ഒന്നും ജനങ്ങളെ ബാധിക്കില്ല. കോ-ഓപ്പറേറ്റീവ് ഫെഡറലിസം ജനങ്ങളെ ദ്രോഹിക്കുന്ന ഭൂതമാണ്. ശബരിമല കേന്ദ്രത്തിന് എടുത്തുകൂടേയെന്ന് ചോദിക്കുന്നവരുണ്ട്. ജനങ്ങളാണ് അത് തീരുമാനിക്കേണ്ടത്. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മേൽനോട്ടത്തിൽ ശബരിമല വരണമെങ്കിൽ അതിന് ജനങ്ങൾ തീരുമാനിക്കണം. അപ്പോൾ അവിടെ മോഷണം പോയിട്ട് ഒന്ന് തൊട്ടുനോക്കാൻ പോലും കഴിയാതെ വരും.

2036ൽ ഒളിമ്പിക്സ് ഇന്ത്യയിൽ വരും. കേരളം അതിന് സജ്ജമാകണം. കൊച്ചി അന്താരാഷ്ട്ര സ്റ്റേഡിയത്തിന്റെയും ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്താണ്. കേരളത്തിൽ ട്രിപ്പിൾ എഞ്ചിൻ സർക്കാർ വരണം. മൂന്നുനേരം ചോറുണ്ടാൽ അതിനുള്ള ബുദ്ധി ഉണ്ടാകില്ല. അതിന് സാമാന്യ ബുദ്ധി ഉണ്ടാകണം. ജനങ്ങൾ സ്വപ്നം കണ്ടോട്ടെ. അതിനെ കുത്തിത്തിരിക്കാൻ വരരുത്. ആറ്റുകാൽ പൊങ്കാലയുടെ അടുപ്പുകൂട്ടുന്ന ചുടുകട്ട കൊണ്ട് സ്റ്റേഡിയം ഉണ്ടാക്കാൻ കഴിയില്ല'- സുരേഷ് ഗോപി പരിഹസിച്ചു.


VEHICLE FOR SALE

SHRIRAM FINANCE LTD.

2nd Floor, Mega Mall, Main Road,
OTTAPALAM - 679101
Phone: 0466 2244121

| Vehicle No | Vehicle Description | Year of manu-facturing |
|---|---|---|
| KL60 L-1415 | MAHINDRA KUV100 K8 1.2 L PETROL 5 SEATER | 2016 MODEL |

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# പുകഞ്ഞ കൊള്ളി പുറത്ത്, രാഹുലിനെ നിയോഗിച്ചത് മതിൽ ചാടാനല്ല, പിന്തുണയ്ക്കുന്നവർക്കും പുറത്തുപോകാം: മുരളീധരൻ



തിരു : രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്കെതിരേ കടുത്ത വിമർശനവുമായി കോൺഗ്രസ് നേതാവ് കെ. മുരളീധരൻ. രാഹുൽ വിഷയത്തിൽ ഒരു കോൺഗ്രസ് നേതാവിന്റെ ഭാഗത്തു നിന്നുണ്ടായ ഏറ്റവും ശക്തമായ വിമർശനമാണ് മുരളീധരന്റെ ഭാഗത്തു നിന്നുണ്ടായിരിക്കുന്നത്. കൂടുതൽ പരാതികൾ വന്ന സാഹചര്യത്തിലാണ് മുരളീധരന്റെ പ്രതികരണം. രാഹുലിന്റെ കാര്യത്തിൽ ഇനി പ്രതീക്ഷയില്ലെന്നും പുകഞ്ഞ കൊള്ളി പുറത്താണെന്നും മുരളീധരൻ മാധ്യമങ്ങളോട് പറഞ്ഞു. രാഹുലിനെതിരേ കെപിസിസി കടുത്ത നടപടികൾക്ക് ഒരുങ്ങുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അതിജീവിത പാർട്ടി അധ്യക്ഷന് ഔദ്യോഗികമായി തന്നെ പരാതി സമർപ്പിക്കുകയും ആ പരാതി കെപിസിസി അധ്യക്ഷൻ ഡിജിപിക്ക് കൈമാറുകയും ചെയ്തിരിക്കുകയാണ്. രാഹുൽ ഒരു പാർട്ടിക്കാരനായിരുന്നെങ്കിൽ സ്വാഭാവികമായും പാർട്ടി തലത്തിലാണ് അന്വേഷിക്കുക. പക്ഷേ അദ്ദേഹം പാർട്ടിയിൽ സസ്പെൻഷൻ നേരിടുന്നതിനാലാണ് കെപിസിസി പ്രസിഡന്റ് പരാതി ഡിജിപിക്ക് കൈമാറിയത്. രാഹുലിന്റെ കാര്യത്തിൽ പാർട്ടി എത്രയും തീരുമാനം വേഗം കൈക്കൊള്ളുമെന്നും മുരളീധരൻ വ്യക്തമാക്കി.

സസ്പെൻഷൻ എന്നത് തെറ്റുതിരുത്തി തിരിച്ചുവരാനുള്ള ഒരു മാർഗമായിട്ടാണ് കോൺഗ്രസ് പാർട്ടി അനുവർത്തിച്ചു വരുന്നതെങ്കിലും ഇക്കാര്യത്തിൽ ഇനി അതിന് സ്കോപ്പില്ലാത്ത സാഹചര്യത്തിൽ ശക്തമായിട്ടുള്ള നടപടി പാർട്ടിയുടെ ഭാഗത്തു നിന്നുണ്ടാകും. രാഹുലിന് തിരുത്തി തിരിച്ചുവരാനുള്ള അവസരം ഇനിയില്ല. ഇപ്പോൾ ഏതാണ്ട് നാടൻ ഭാഷയിൽ പറഞ്ഞാൽ ബ്രഹ്മാസ്ത്രം പ്രയോഗിക്കേണ്ട സമയം ആയിട്ടുണ്ട്.

പാർട്ടി രാഹുലിനെ സസ്പെൻഡ് ചെയ്ത സമയത്ത് രേഖാമൂലമുള്ള പരാതിയും രാഹുലിനെതിരേ സർക്കാരിന്റെയോ പാർട്ടിയുടെയോ മുന്നിൽ ഉണ്ടായിരുന്നില്ല. ഇന്നിപ്പോൾ രേഖാമൂലമുള്ള പരാതി സർക്കാരിന്റെയും പാർട്ടിയുടെയും മുന്നിലുണ്ട്. ഇനി എംഎൽഎ സ്ഥാനത്ത് തുടരണോ എന്നത് രാഹുൽ തീരുമാനിക്കേണ്ട കാര്യമാണെന്ന് പറഞ്ഞ മുരളീധരൻ, അല്ലെങ്കിൽ നടപടി എടുക്കേണ്ടത് സ്പീക്കറാണെന്നും ചൂണ്ടിക്കാട്ടി. പൊക്കിൾക്കൊടി ബന്ധം വിച്ഛേദിച്ചു കഴിഞ്ഞാൽ പിന്നെ തങ്ങൾക്ക് അതിൽ ഒരു ഉത്തരവാദിത്തവും ഇല്ലെന്നും അദ്ദേഹം പറഞ്ഞു.

പാർട്ടി ഏൽപ്പിച്ച കാര്യങ്ങൾ ചെയ്യാത്ത വ്യക്തി പാർട്ടിക്ക് പുറത്താണ്. പാർട്ടി ഏൽപ്പിച്ചത് ജനങ്ങൾക്കു വേണ്ടി പ്രവർത്തിക്കാനാണ് അല്ലാതെ മതിൽ ചാടാനല്ല. ജനങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്ന ഒരു വ്യക്തി അല്ലെങ്കിൽ ഒരു ജനപ്രതിനിധി, ഇവർക്കൊന്നും ഇമ്മാതിരി പ്രവൃത്തി ചെയ്യാൻ കഴിയില്ല. കാരണം ഒരുപാട് ഔദ്യോഗിക ജോലികളും പാർട്ടി ജോലികളും ഒക്കെയുള്ള ആൾക്കാർ ഈ പറയുന്ന കാര്യങ്ങളൊക്കെ ചെയ്തുവെങ്കിൽ അവർ പൊതുരംഗത്ത് എന്ന് മാത്രമല്ല ഒരു രംഗത്തും നിൽക്കാൻ യോഗ്യനല്ല. പുകഞ്ഞ കൊള്ളി പുറത്ത്, ആ പുകഞ്ഞ കൊള്ളിയോട് സ്നേഹമുള്ളവർക്കും പുറത്തു പോകാമെന്നും മുരളീധരൻ കടുത്ത ഭാഷയിൽ പറഞ്ഞു

# അമലയിലെ അമലക്ക് ഇരട്ടസ്വർണ്ണം



അമലനഗർ: ശ്രീലങ്കയിൽ നടന്ന ഇൻറർനാഷണൽ ശ്രീലങ്ക ഓപ്പൺ കരാട്ടെ ചാമ്പ്യൻഷിപ്പിൽ കുമിത്തെ വിഭാഗത്തിലും കാത്ത വിഭാഗത്തിലും സ്വർണ്ണമെഡൽ നേടിയ അമല മെഡിക്കൽ കോളേജിലെ എക്കൗണ്ടൻറ് അമല പോൾ കെ. ചിറ്റിലപ്പിള്ളി കണ്ണനായ്ക്കൽ കുന്നപ്പിള്ളി ഫെർണാണ്ടസ്സിന്റെ ഭാര്യയാണ്.

# യുവജനകലാസമിതിയുടെ പ്രൊഫഷണൽ നാടകോത്സവത്തിന് തുടക്കമായി

തൃശൂർ: നിറഞ്ഞ സദസ്സിൽ തൃശൂർ റീജിണൽ തിയ്യറ്ററിൽ കൊട്ടേക്കാട് യുവജനകലാസമിതിയുടെ 9-ാമത് എൻ.കെ.ദേവസി സ്മാരക പ്രൊഫഷണൽ അഖില കേരള നാടകോത്സവത്തിന് തുടക്കമായി.

നാടക ചലച്ചിത്ര നടൻ സുനിൽ സുഗത ഉദ്ഘാടനം ചെയ്തു. കോവിഡിന് ശേഷം പ്രൊഫഷണൽ നാടക രംഗത്ത് ആശാവഹമായ പരീക്ഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ടെന്നും മുമ്പൊക്കെ അത്തരം ശ്രമങ്ങൾ ഫലിക്കാതെ പോകുകയായിരുന്നുവെന്നും സുനിൽ സുഗദ പറഞ്ഞു.

യൂറോപ്പിലും അമേരിക്കയിലുമൊക്കെ സിനിമയെ അപേക്ഷിച്ച് നാടകത്തിനാണ് പ്രാമുഖ്യമെന്നും അത്തരം ഒരു സാഹചര്യം കേരളത്തിലും സംഭവിക്കേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കലാസമിതി പ്രസിഡണ്ട് ഡേവിഡ് കണ്ണനായ്ക്കൽ അധ്യക്ഷത വഹിച്ചു. സൂര്യഭാരതി ഫൗണ്ടേഷൻ അധ്യക്ഷൻ കെ.പി.മനോജ്കുമാർ ദീപോജ്വലനം നടത്തി.



നാടകം ജനജീവിതവുമായി മറ്റേതൊരു കലയേക്കാളും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുകയാണെന്നും അതുകൊണ്ടുതന്നെ നാടക കല ശക്തി സൗന്ദര്യങ്ങളോടെ മന്നോട്ടുപോകേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കലാസമിതി രക്ഷാധികാരിയും കൊട്ടേക്കാട് സെന്റ് മേരീസ് അസംപ്ഷൻ ദേവാലയ വികാരിയുമായ ഫാ. ഫ്രാങ്കോ കവലക്കാട്ട് പുരസ്കാരവിതരണം നടത്തി. ജനറൽ കൺവീനർ ജോൺസൺ ചിറ്റിലപ്പിള്ളി, ജനറൽ സെക്രട്ടറി ജെൻസൻ വാഴപ്പിള്ളി , ഇ.ജെ.ഷാജു, ബെന്നി നീലങ്കാവിൽ, സൈമൺ ദേവസി നീലങ്കാവിൽ സംസാരിച്ചു.

തുടർന്ന് കായംകുളം പീപ്പിൾസ് തിയ്യേറ്റേഴ്സിന്റെ അങ്ങാടികുരുവി എന്ന നാടകം അരങ്ങേറി. ഇന്ന് വൈകീട്ട് 6.30ന് കൊല്ലം അനശ്വരയുടെ ആകാശത്തൊരു കടൽ രചന : ശ്രീകുമാർ മാരാത്ത് സംവിധാനം : വത്സൻ നിസരി .

കൊട്ടേക്കാട് യുവജനകലാസമിതിയുടെ ഒമ്പതാമത് എൻ.കെ.ദേവസി സ്മാരക അഖില കേരള പ്രൊഫഷണൽ നാടകോത്സവം നാടക ചലച്ചിത്ര നടൻ സുനിൽ സുഗത ഉദ്ഘാടനം ചെയ്യുന്നു

# വിവാദത്തിലകപ്പെട്ട് രേവന്ത് റെഡ്ഡി; മാപ്പുപറയണമെന്ന് ബിജെപിയും ബിആർഎസും

ഹൈദരാബാദ്: ഹിന്ദുദൈവങ്ങളേക്കുറിച്ചുള്ള പരാമർശത്തിന് പിന്നാലെ വിവാദത്തിൽ കുരുങ്ങി തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി. ഒരു പൊതുപരിപാടിയിൽ പങ്കെടുക്കവേ, ഹിന്ദുമതത്തിൽ നിരവധി ദൈവങ്ങളുണ്ട് എന്നതിനെപ്പറ്റി നടത്തിയ പരാമർശമാണ് വിവാദത്തിന് വഴിവെച്ചത്. സംഗതി വിവാദമായതോടെ രേവന്ത് അടിയന്തരമായി മാപ്പ് പറയണമെന്ന ആവശ്യവുമായി ബിജെപിയും ബിആർഎസും രംഗത്തെത്തി.

'എത്ര ദൈവങ്ങളിലാണ് ഹിന്ദുക്കൾ വിശ്വസിക്കുന്നത്? മൂന്നുകോടിയുണ്ടോ? എന്തുകൊണ്ടാണ് ഇത്രയധികം ദൈവങ്ങൾ നിലകൊള്ളുന്നത്? അവിവാഹിതരായവർക്ക് ഒരു ദൈവമുണ്ട്- ഹനുമാൻ. രണ്ടുവട്ടം വിവാഹം കഴിക്കുന്നവർക്കായി മറ്റൊരു ദൈവമുണ്ട്. മദ്യപിക്കുന്നവർക്കു വേണ്ടി മറ്റൊരു ദൈവവമുണ്ട്. കോഴിയെ ബലികൊടുക്കാൻ ഒരെണ്ണം. ചോറിനും പരിപ്പിനും വേറൊരെണ്ണം. എല്ലാ വിഭാഗങ്ങൾക്കും അവരുടേതായ ദൈവമുണ്ട്', എന്നായിരുന്നു രേവന്തിന്റെ വാക്കുകൾ.



പരാമർശം വിവാദത്തിന് തിരികൊളുത്തിയതിന് പിന്നാലെ രേവന്ത് റെഡ്ഡി ഹൈന്ദവ വിശ്വാസങ്ങളെയും മതവികാരത്തെയും വ്രണപ്പെടുത്തിയെന്ന വിമർശനമാണ് ബിജെപിയും ആർഎസ്എസും ഉന്നയിച്ചത്. കോൺഗ്രസിനും രേവന്ത് റെഡ്ഡിക്കും നാണമില്ലെന്നും മുഖ്യമന്ത്രി പ്രസ്താവന പിൻവലിച്ച് മാപ്പ് പറയണമെന്നും ബിജെപി നേതാവ് ചിക്കോടി പ്രവീൺ പറഞ്ഞു.

അതേസമയം, ഹിന്ദുദൈവങ്ങളെ പരിഹസിക്കുന്നത് ഇക്കാലത്ത് എല്ലാവർക്കും ഫാഷൻ പോലെയായെന്ന് ബിആർഎസ് നേതാവ് രാകേഷ് റെഡ്ഡി അനുഗുല പറഞ്ഞു. ഹിന്ദു സമൂഹത്തോട് ഉടൻ രേവന്ത് റെഡ്ഡി മാപ്പുപറയണമെന്നും അദ്ദേഹം സാമൂഹികമാധ്യമമായ എക്സിലെ കുറിപ്പിൽ ആവശ്യപ്പെട്ടു.

# തൃക്കാർത്തിക മഹോത്സവം

തൃശ്ശൂർ: പെരുമണ്ണ് പിഷാരിക്കൽ ശ്രീ കാർത്ത്യായനി ദേവി ക്ഷേത്രത്തിൽ തൃക്കാർത്തിക മഹോത്സവവും സഹസ്രാധിക ദീപകാഴ്ച്ചയും 2025 ഡിസംബർ 4 ന് വ്യാഴാഴ്ച്ച നടത്തുന്നു. രാവിലെ 5 മണിമുതൽ വിശേഷാൽ പൂജകളും 11.30 മുതൽ പ്രസാദഊട്ടും വൈകീട്ട് സഹസ്രാധിക ദീപം തെളിയിക്കൽ, നടക്കൽ പറവയ്പ്പ്, ദീപാരാധന, ചുറ്റുവിളക്ക്, നിറമാല, എന്നിവയും 6.30 ന് കക്കാട് രാജപ്പൻ മാരാർ & ചെർപ്പുളശ്ശേരി രാജേഷ് എന്നിവരുടെ ഡബിൾ തായമ്പകയും ഉണ്ടായിരിക്കുന്നതാണ്.

# തിരഞ്ഞെടുപ്പ് കമ്മറ്റി ഓഫീസുകൾ



ഇരിഞ്ഞാലക്കുട: നഗരസഭ തെരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർത്ഥിയായി പതിനെട്ടാം വാർഡിൽ മത്സരിക്കുന്ന ലാസർ കോച്ചേരിയുടെയും, പതിനഞ്ചാം വാർഡിൽ മത്സരിക്കുന്ന മാഗി വിൻസെന്റ് പള്ളായിയുടെയും തിരഞ്ഞെടുപ്പ് കമ്മറ്റി ഓഫീസുകൾ കേരള കോൺഗ്രസ് ഡെപ്യൂട്ടി ചെയർമാൻ, മുൻ സർക്കാർ ചീഫ് വിപ്പ് തോമസ് ഉണ്ണിയാടൻ ഉദ്ഘാടനം ചെയ്തു. കോൺഗ്രസ് ഇരിഞ്ഞാലക്കുട മണ്ഡലം പ്രസിഡണ്ട് അബ്ദുൾ ഹഖ് മാസ്റ്റർ മുഖ്യാതിഥിയായിരുന്നു.

നിയോജകമണ്ഡലം പ്രസിഡണ്ട് റോക്കി ആളുക്കാരൻ, സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ് ജില്ലാ സെക്രട്ടറിമാരായ പിടി ജോർജ്, സേതുമാധവൻ പറയംവളപ്പിൽ സിജോയ് തോമസ്, സതീഷ് കാട്ടൂർ തുടങ്ങിയവർ പങ്കെടുത്തു.

# ബസുകൾ കൂട്ടിയിടിച്ച് നിരവധി പേർക്ക് പരിക്ക്

തൃശ്ശൂർ: ചേലക്കര വാഴക്കോട് - പ്ലാഴി സംസ്ഥാനപാത ഒതുവടിയിൽ കെഎസ്ആർടിസി ബസും സ്വകാര്യ ബസും കൂട്ടിയിടിച്ച് അപകടം. നിരവധി പേർക്ക് പരിക്ക്.

മൂവാറ്റുപുഴയിലേക്ക് സർവീസ് നടത്തുകയായിരുന്ന കെഎസ്ആർടിസി ബസും തിരുവില്വാമലയിലേക്ക് പോകുകയായിരുന്ന മനമേൽ എന്ന സ്വകാര്യബസുമാണ് അപകടത്തിൽപ്പെട്ടത്. ഇടിയുടെ ആഘാതത്തിൽ കെഎസ്ആർടിസി ബസിന്റെ മുൻഭാഗം പൂർണ്ണമായും തകർന്നു.

കെഎസ്ആർടിസി ബസിന്റെ ക്യാബിനുള്ളിൽ കുടുങ്ങിയ ഡ്രൈവറെ ചേലക്കര പോലീസും നാട്ടുകാരും ചേർന്ന് പുറത്തെടുത്ത് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

# ക്രിസ്തുമസ് നക്ഷത്ര നിർമാണവും വിതരണവും സംഘടിപ്പിച്ചു



ഇരിങ്ങാലക്കുട :ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് (ഓട്ടോണമസ്) കോളേജിലെ ഫിസിക്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ എൽ. ഇ. ഡി നക്ഷത്രങ്ങളുടെ നിർമാണവും വിതരണവും നടത്തികൊണ്ട് ക്രിസ്തുമസിനെ വരവേൽക്കുകയാണ്.ഫിസിക്സ് വിഭാഗത്തിന്റെ സ്കിൽ ഡെവലപ്പ്മെന്റ് ട്രൈനിങ്ങിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി എൽ. ഇ. ഡി നക്ഷത്ര നിർമാണ പരിശീലന ക്ലാസ്സ് സംഘടിപ്പിച്ചിരുന്നു. പഠനത്തോടൊപ്പം പ്രായോഗിക പരിജ്ഞാനം വളർത്തുക എന്നതായിരുന്നു ക്ലാസ്സിന്റെ ലക്ഷ്യം. ഫിസിക്സ് വിഭാഗം മേധാവി മിസ്സ് മധു സി. എ യുടെ നേതൃത്വത്തിലാണ് ക്ലാസ്സ് സംഘടിപ്പിച്ചത്.

ഇതേ തുടർന്ന് വിദ്യാർത്ഥിനികൾ അധ്യാപകരുടെ മേൽനോട്ടത്തിൽ നക്ഷത്രങ്ങൾ നിർമിക്കുകയായിരുന്നു.കോളേജ് പരിസരത്തിലുള്ള വീടുകളിൽ സൗജന്യമായി നക്ഷത്ര വിതരണവും നടത്തി.



പ്രസിഡണ്ട് സെക്രട്ടറി

കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷണേഴ്സ് അസോസിയേഷൻ തൃശൂർ ബ്ലോക്ക് കമ്മിറ്റി പ്രസിഡണ്ട് കനകപ്പിള്ളി ഗോപിനാഥൻ, സെക്രട്ടറി പി കെ രാധാകൃഷ്ണൻ

# സഹൃദയവേദിയുടെ വജ്ര ജൂബിലി ഉദ്ഘാടനവും അവാർഡ് സമർപ്പണവും

തൃശൂർ: സാഹിത്യ-സാംസ്കാരിക സംഘടനയായ സഹൃദയവേദിയുടെ വജ്രജൂബിലി ഉദ്ഘാടനവും 13 അവാർഡുകളുടെ സമർപ്പണവും കേരള സാഹിത്യ അക്കാദമി ഹാളിൽ രണ്ട് ദിവസങ്ങളിലായി വിവിധ പരിപാടികളോടെ നടത്തി. ആദ്യദിനം ഡോ. കെ.ടി. രാമവർമ്മ ജീവചരിത്രഗ്രന്ഥ അവാർഡ് "എം.ടി. വാസുദേവൻനായർ" എന്ന ജീവചരിത്രഗ്രന്ഥം രചിച്ച ഡോ. കെ. ശ്രീകുമാറിനും അർണോസ് പാതിരി സംസ്കൃത പ്രതിഭ അവാർഡ് കെ.കെ. യതീന്ദ്രൻ വി. കരുണാകരൻ നമ്പ്യാർ എഡിറ്റർ അവാർഡ് മാതൃഭൂമി സീനിർ ന്യൂസ് എഡിറ്റർ എംകെ. കൃഷ്ണകുമാർ, പി.ടി.എൽ കവിത ഗ്രന്ഥ അവാർഡ് പി.ബി. ഹൃഷികേശന്റെ "ഒന്നടുത്തുവരുമോ നീ" എന്ന ഗ്രന്ഥത്തിനും ജോർജ്ജ് ഇമ്മട്ടി ബാലസാഹിത്യ അവാർഡ് റാഫി നീലങ്കാവിലിന്റെ "ദേശം ചൊല്ലിത്തന്ന കഥകൾ" എന്ന ഗ്രന്ഥത്തിനും ഡോ പി. രവീന്ദ്രൻ സമ്മാനിച്ചു. 10,000 രൂപയും ഫലകവും പ്രശസ്തി പത്രവും പൊന്നാട യും അടങ്ങുന്നതാണ് അവാർ ഡുകൾ.

സാഹിത്യ അക്കാദമി വൈലോപ്പിള്ളി (പ്രൊഫ. കെ.പി. നാരായണപ്പിഷാരടി നഗർ) ഹാളിൽ നടന്ന യോഗത്തിൽ വെച്ച് സഹൃദയവേദി വജ്രജൂബിലി ഉദ്ഘാടനം കാലിക്കറ്റ് വി.സി.പി. രവീന്ദ്രൻ നിർവ്വഹിച്ചു. പ്രസിഡണ്ട് ഡോ. പി.എൻ. വിജയകുമാർ അദ്ധ്യക്ഷത വഹിച്ചു. ഡോ. ജൂലിയസ് അറയ്ക്കൽ ഇങ്ക മുഖ്യാതിഥിയായിരുന്നു. വാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സപ്ലിമെന്റ് ഡോ. കെ. ശ്രീകുമാർ കെ. സതീശന് നല്കി പ്രകാശനം ചെയ്തു. പ്രൊഫ. വി.എ. വർഗ്ഗീസ്, ബേബി മൂക്കൻ, രവി പുഷ്പഗിരി, നന്ദകുമാർ ആലത്ത്, ജോയ് പോൾ, എം.ആർ. വിജയൻ, പി.എൽ. ജോസ് എന്നിവർ പ്രസംഗിച്ചു. അവാർഡു ജേതാക്കൾ മറുപടിപ്രസംഗം നടത്തി.

രണ്ടാം ദിവസം രാവിലെ പി.വി. ഗംഗാധരൻ നഗറിൽ (എം.ടി. ഓഡിറ്റോറിയം) നടന്ന "സാഹിത്യകാരനും സാമൂഹ്യ പ്രതിബദ്ധതയും" എന്ന സെമിനാർ ജസ്റ്റിസ് ഡോ. വിജയകുമാർ ഉദ്ഘാടനം ചെയ്തു. പ്രൊഫ. നെടുങ്കുന്നം രഘുദേവ് വിഷയാവതരണം നടത്തി



അഡ്വ. എ.ഡി. ബെന്നി അനുബന്ധ പ്രഭാഷണം നടത്തി. പി. എം.എം. ഷെരീഫ് മോഡറേറ്ററായിരുന്നു. ജോൺസൺ കാഞ്ഞിരത്തിങ്കൽ, സെബി ഇരിമ്പൻ എന്നിവർ സംസാരിച്ചു.

തുടർന്ന് നടന്ന അംഗങ്ങൾക്കുള്ള അനുമോദന സമ്മേളനം ഡോ. ധർമ്മരാജ് അടാട്ട് ഉദ്ഘാടനം ചെയ്തു. പ്രൊഫ. സാവിത്രി ലക്ഷ്മണൻ അദ്ധ്യക്ഷത വഹിച്ചു. സഹൃദയവേദി അംഗങ്ങളുടെ ഗ്രന്ഥങ്ങൾക്ക് നല്കുന്ന പ്രത്യേക അവാർഡുകൾ ഗോവിന്ദൻ പൂണത്ത് (കവിത) ഉണ്ണികൃഷ്ണൻ പുലരി (ബാലസാഹിത്യം), വി.എഫ്. ബാബു (നോവൽ) എന്നിവർക്ക് സമ്മാനിച്ചു. ആറ്റൂർ സന്തോഷ്കുമാറിന്റെ "കൈപ്പാടുകൾ-കയ്യക്ഷരപുസ്തകം" ഡോ. പി.വി. കൃഷ്ണൻ നായർ പ്രൊഫ. സാവിത്രി ലക്ഷ്മണന് നല്കി പ്രകാശനം ചെയ്തു. നന്ദകുമാർ ആലത്ത് സംസാരിച്ചു. തുടർന്ന് പ്രത്യേക ജന്മദിനങ്ങൾ, അംഗീകാരങ്ങൾ, സ്ഥാനലബ്ധികൾ എന്നിവ ലഭിച്ച മുപ്പതോളം സഹൃദയവേദി അംഗങ്ങളെ ഡോ. ധർമ്മരാജ്, ഡോ. പി.എൻ. വിജയകുമാർ എന്നിവർ ഉപഹാരങ്ങൾ നല്കി അനുമോദിച്ചു.

ഉച്ചകഴിഞ്ഞ് നടന്ന ഡോ. പി. എൻ. വിജയകുമാർ അശീതി സ്വീകരണവും കവി സമ്മേളനവും കോഴിക്കോട് ങകഇഇ ഡയറക്ടർ ഡോ. വി. നന്ദകുമാർ ഉദ്ഘാടനം ചെയ്തു. വൈ. പ്രസിഡണ്ട് ഡോ. ജോർജ്ജ് മേനാച്ചേരി അദ്ധ്യക്ഷത വഹിച്ചു. ഡോ. നന്ദകുമാർ ഡോ. വിജയകുമാറിന് ഉപഹാരം സമ്മാനിച്ചു. അഡ്വ. വി.എൻ. നാരായണൻ, ഉണ്ണികൃഷ്ണൻ പുലരി എന്നിവർ സംസാരിച്ചു. തുടർന്ന് നടന്ന കവിസമ്മേളനത്തിൽ പ്രൊഫ. വി.കെ. ലക്ഷ്മണൻ നായർ, ഡോ. സുഭാഷിണി മഹാദേവൻ, ശ്രീദേവി അമ്പലപുരം, ഡോ. ജയപ്രകാശ് ശർമ്മ, പി.ബി. രമാദേവി, ഡോ. മേരിക്കുഞ്ഞ്, സൗദ ബീഗം, രാജശ്രീ അച്ചുതൻ, എം.ഒ. ഫ്രാൻസീസ് തുടങ്ങി ഇരുപതോളം കവികൾ പങ്കെടുത്തു.

സഹൃദയവേദി രണ്ടാം ദിവസത്തെ അവാർഡുസമർപ്പണ സമ്മേളനം മത്സ്യത്തൊഴിലാളി കടാശ്വാസ ക്ഷേമ ബോർഡ് ചെയർമാൻ ജസ്റ്റിസ് പി എസ് ഗോപിനാഥൻ ഉദ്ഘാടനം ചെയ്തു. പ്രസിഡൻറ് റിട്ട ജഡ്ജ്. ഡോ.പി.എൻ. വിജയകുമാർ അധ്യക്ഷത വഹിച്ചു. കൊച്ചി നിജാൽസ് വൈസ് ചാൻസലർ ഡോ. ജി.ബി റെഡ്ഡി 8 അവാർഡുകൾ വിതരണം ചെയ്തു. പായിപ്ര രാധാകൃഷ്ണൻ (ഡോ. കെ കെ രാഹുലൻ - സാംസ്കാരികം), ഡോ.സദനം കെ ഹരികുമാർ (പി എസ് വാര്യർ -കഥകളി ) ഫാ.ഡോ. ചാക്കോ ചിറമ്മൽ (മരുമകൻ രാജ - കോളേജ് അധ്യാപകൻ),

ഡോ.എം ആർ ഗോവിന്ദൻ - (ഡോ. കെ.രാജഗോപാൽ - ഡോക്ടർ) ഡോ.പി സജീവ് കുമാർ (ഡോ. പി.നാരായണൻകുട്ടി-നോവൽ), കെ.ആർ. രൂപക് (മാർ ജോസഫ് കുണ്ടുകുളം - സാമൂഹ്യ സേവനം) ഡോ. കെ.കോമളവല്ലി, ഡോ. ലുലു മാത്യൂ (കോമളം രാജഗോപാലൻ - വനിതാ ഡോക്ടർ) എന്നിവർ 10000 രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്ന അവാർഡുകൾ ഏറ്റു വാങ്ങി.രക്ഷാധികാരി എ.സി ജോസ് മുഖ്യാതിഥിയായിരുന്നു. സെക്രട്ടറി ബേബി മൂക്കൻ, വൈസ് പ്രസിഡൻറ് പ്രൊഫ. വി.എ. വർഗീസ്, ജോർജ് മേനാച്ചേരി, നന്ദകുമാർ ആലത്ത്, പി എം എം ഷെരീഫ് - (ജോയിന്റ് സെക്രട്ടറിമാർ)പി എൽ ജോസ്, ട്രഷറർ രവി പുഷ്പഗിരി , എം .ഡി ഗ്രേസ്, എം ആർ വിജയൻ എന്നിവർ പ്രസംഗിച്ചു.

# വിദ്യാഭ്യാസ രക്ഷാസദസ്സ്




തൃശൂർ പൗരസമൂഹവും അഖിലേന്ത്യാ സേവ് എഡ്യൂക്കേഷൻ കമ്മിറ്റിയും ചേർന്ന് തൃശൂർ സാഹിത്യ അക്കാദമിയിൽ സംഘടിപ്പിച്ച വിദ്യാഭ്യാസ രക്ഷാ സദസ്സിൽ ബദൽ ദേശീയ വിദ്യാഭ്യാസ നയരേഖ പ്രൊഫ. എം.പി. മത്തായി, പ്രൊഫ പി വി കൃഷ്ണൻ നായർ, റഫീഖ് അഹമ്മദ്, ശിഹാബുദ്ദീൻ പൊയ്തുംകടവ്, പ്രൊഫ ജോർജ് ജോസഫ്, എം.പി. സുരേന്ദ്രൻ, ഡോ. കെ.വി മനോജ്, എം. ഷാജർഖാൻ, ജെയിംസ് മുട്ടിക്കൽ, പ്രൊഫ കുസുമം ജോസഫ് തുടങ്ങിയവർ ചേർന്ന് പ്രകാശനം ചെയ്യുന്നു


## കോടതി പരസ്യം

**ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ**

**Dispute No. 236/2025**

ന്യൂ ട്രിച്ചൂർ സുകൃതം ചിറ്റ്സ് (കേരള) പ്രൈവറ്റ് ലിമിറ്റഡ്, Rep by ഡയറക്ടർ വർഗ്ഗീസ് ജോസ്

-ഹരജിക്കാരൻ

1) റുബീന, D/o. മായമ്മുണ്ണി, കുന്നശ്ശേരി ഹൗസ്, എടപ്പാൾ വില്ലേജ്, പൊന്നാനി, മലപ്പുറം
2) ടി വിലാസത്തിൽ കുന്നശ്ശേരി മായമുണ്ണി ഭാര്യ റുക്കിയ 3) ടി വിലാസത്തിൽ മായമുണ്ണി മകൻ കാദർ 4) ടി വിലാസത്തിൽ ഒസ്സാർവളപ്പിൽ ഷൗക്കത്ത് ഭാര്യ ആമിനക്കുട്ടി

- എതൃകക്ഷികൾ

മേൽ നമ്പർ കേസിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് ഉത്തരവായി 10-12-2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാണ്. അന്നേ ദിവസം ടിയാർ ബഹു. ആർബിട്രേറ്റർ മുമ്പാകെ ഹാജരാകാത്ത പക്ഷം എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു

എന്ന്, 25-11-2025
ഹരജിക്കാരൻഭാഗം അഡ്വക്കേറ്റ്
**ജോഫി ജോർജ്ജ് പി.**
(ഒപ്പ്)

## കോടതി പരസ്യം

**ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ**

**Dispute No. 235/2025**

ന്യൂ ട്രിച്ചൂർ സുകൃതം ചിറ്റ്സ് (കേരള) പ്രൈവറ്റ് ലിമിറ്റഡ്, Rep by ഡയറക്ടർ വർഗ്ഗീസ് ജോസ്

-ഹരജിക്കാരൻ

1) വിനീത് എം ബി, S/o. ബാലകൃഷ്ണൻ, മേപ്പുറത്ത് ഹൗസ്, മണലൂർ വില്ലേജ്, തൃശൂർ
2) കറപ്പക്കുട്ടി, S/o. കുട്ടാപ്പു, മേപ്പുറത്ത് ഹൗസ്, വെങ്കിടങ്ങ് വില്ലേജ്, ചാവക്കാട്, തൃശൂർ
3) സനൽ, S/o. സദാനന്ദൻ, കണ്ടങ്ങത്ത് ഹൗസ്, മണലൂർ വില്ലേജ്, തൃശൂർ

- എതൃകക്ഷികൾ

മേൽ നമ്പർ കേസിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് ഉത്തരവായി 10-12-2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാണ്. അന്നേ ദിവസം ടിയാർ ബഹു. ആർബിട്രേറ്റർ മുമ്പാകെ ഹാജരാകാത്ത പക്ഷം എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു

എന്ന്, 25-11-2025
ഹരജിക്കാരൻഭാഗം അഡ്വക്കേറ്റ്
**ജോഫി ജോർജ്ജ് പി.**
(ഒപ്പ്)

## കോടതി പരസ്യം

**ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ ആർബിട്രേറ്റർ മുമ്പാകെ**

**Dispute No. 233/2025**

ന്യൂ ട്രിച്ചൂർ സുകൃതം ചിറ്റ്സ് (കേരള) പ്രൈവറ്റ് ലിമിറ്റഡ്, Rep by ഡയറക്ടർ വർഗ്ഗീസ് ജോസ്

-ഹരജിക്കാരൻ

സായിൽദേവ്, S/o. രാധാകൃഷ്ണൻ, പാലയൂർ ഹൗസ്, തൈക്കാട് വില്ലേജ്, ചാവക്കാട്, തൃശൂർ

- 3-ാംഎതൃകക്ഷി

മേൽ നമ്പർ കേസിൽ എതൃകക്ഷിക്കുള്ള നോട്ടീസ് ഉത്തരവായി 10-12-2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാണ്. അന്നേ ദിവസം ടിയാൻ ബഹു. ആർബിട്രേറ്റർ മുമ്പാകെ ഹാജരാകാത്ത പക്ഷം എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു

എന്ന്, 25-11-2025
ഹരജിക്കാരൻഭാഗം അഡ്വക്കേറ്റ്
**ജോഫി ജോർജ്ജ് പി.**
(ഒപ്പ്)

## കോടതി പരസ്യം

**ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ**

**Dispute No. 242/2025**

ന്യൂ ട്രിച്ചൂർ സുകൃതം ചിറ്റ്സ് (കേരള) പ്രൈവറ്റ് ലിമിറ്റഡ്, Rep by ഡയറക്ടർ വർഗ്ഗീസ് ജോസ്

-ഹരജിക്കാരൻ

ജയന്തി, W/o. ധർമ്മൻ, മരാട്ടിക്കൽ ഹൗസ്, വാടാനപ്പിള്ളി വില്ലേജ്, ചാവക്കാട്, തൃശൂർ

- 3-ാംഎതൃകക്ഷി

മേൽ നമ്പർ കേസിൽ എതൃകക്ഷിക്കുള്ള നോട്ടീസ് ഉത്തരവായി 10-12-2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാണ്. അന്നേ ദിവസം ടിയാൻ ബഹു. ആർബിട്രേറ്റർ മുമ്പാകെ ഹാജരാകാത്ത പക്ഷം എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു

എന്ന്, 25-11-2025
ഹരജിക്കാരൻഭാഗം അഡ്വക്കേറ്റ്
**ജോഫി ജോർജ്ജ് പി.**
(ഒപ്പ്)

## കോടതി പരസ്യം

**ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ ആർബിട്രേറ്റർ മുമ്പാകെ**

**Dispute No. 238/2025**

ന്യൂ ട്രിച്ചൂർ സുകൃതം ചിറ്റ്സ് (കേരള) പ്രൈവറ്റ് ലിമിറ്റഡ്, Rep by ഡയറക്ടർ വർഗ്ഗീസ് ജോസ്

-ഹരജിക്കാരൻ

1) അനൂപ്കുമാർ, S/o. രാമു, പനങ്ങാടത്ത് ഹൗസ്, പാലിശ്ശേരി വില്ലേജ്, തൃശൂർ
2) ഉണ്ണികൃഷ്ണൻ, കോമരത്ത് ഹൗസ്, പാലിശ്ശേരി വില്ലേജ്, തൃശൂർ

- 1, 3 എതൃകക്ഷികൾ

മേൽ നമ്പർ കേസിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് ഉത്തരവായി 10-12-2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാണ്. അന്നേ ദിവസം ടിയാർ ബഹു. ആർബിട്രേറ്റർ മുമ്പാകെ ഹാജരാകാത്ത പക്ഷം എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു

എന്ന്, 25-11-2025
ഹരജിക്കാരൻഭാഗം അഡ്വക്കേറ്റ്
**ജോഫി ജോർജ്ജ് പി.**
(ഒപ്പ്)

## കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ**

MC: 80/2025

തൃശ്ശൂർ ജില്ല, കുന്നംകുളം താലൂക്ക,ചിറനെല്ലൂർ വില്ലേജ്, കേച്ചേരി ദേശം. ചിറനെല്ലൂർ പി ഒ. കറുപ്പം വീട്ടിൽ നിഷാദ് ഭാര്യ 36 വയസ്സ്, ഹസ

-ഹർജിക്കാരി

തൃശ്ശൂർ ജില്ല, കുന്നംകുളം താലൂക്ക്, ചിറനെല്ലൂർ വില്ലേജ്, കേച്ചേരി ദേശം, ചിറനെല്ലൂർ പി ഒ, കറുപ്പം വീട്ടിൽ, അബ്ദുള്ള മകൻ 40 വയസ്സ്, നിഷാദ്

-എതൃകക്ഷി

ഹർജിക്കാരി എതിർകക്ഷിയിൽ നിന്നും ചിലവിന് ലഭിക്കുന്നതിനായി ബോധിപ്പിച്ച മേൽ നമ്പർ കേസിൽ എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചു നടത്തുവാൻ കല്പിച്ച് കേസ് 19-12-2025 തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേദിവസം രാവിലെ 11 മണിക്ക് എതിർകക്ഷിയോ ടിയാൻ അധികാരപ്പെടുത്തിയ ഹാജരാകാത്ത അഭിഭാഷകനോ ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹാജരാകാത്തപക്ഷം എതിർകക്ഷിയെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം അറിയിച്ചു കൊള്ളുന്നു.

എന്ന് 3-12-2015
ഹരജി ഭാഗം അഡ്വക്കെറ്റ്
**ഷീബ ഫൈസൽ** (ഒപ്പ്)